## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 215 05-10-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ബാബു<br>" പി.വി. അൻവർ<br>" എം. രാജഗോപാലൻ<br>" സി.കെ. ഹരീന്ദ്രൻ | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതിയിലും പട്ടികഗോത്ര വർഗ്ഗത്തിലും പെട്ട നിരവധി പേർക്ക് സാമ്പത്തിക പ്രതിസന്ധി കാരണം മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇവർക്ക് വിദഗ്ധ ചികിത്സയ്ക്കായി പ്രത്യേക ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ; | ബി) | പട്ടികജാതിയിൽപ്പെട്ടവർക്ക് വിദഗ്ധ ചികിത്സയ്ക്കായി പ്രത്യേക ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പൊതുവായി ആവിഷ്കരിച്ചിട്ടുള്ള ചികിത്സാ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ സൗജന്യ ചികിത്സയ്ക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ജന്മരക്ഷാ പദ്ധതി, അരിവാൾ രോഗങ്ങൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. കൂടാതെ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഗുരുതരമായ രോഗം ബാധിച്ചവർക്ക് 50,000/- രൂപ മുതൽ 1,00,000/- രൂപ വരെയും അല്ലാത്തവർക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ചും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. |
| സി) | വിദൂര ആവാസ കേന്ദ്രങ്ങളിൽ വസിക്കുന്ന പട്ടികഗോത്രവർഗ്ഗക്കാർക്കായി സഞ്ചരിക്കുന്ന ക്ലിനിക്കുകൾ ആരംഭിക്കുമോ ? | സി) | വിദൂര ആവാസ കേന്ദ്രങ്ങളിൽ വസിക്കുന്ന പട്ടികഗോത്രവർഗ്ഗക്കാർക്കായി 6 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ